LIBRARY ARCHIVES Kerala Legislative Assembly

കയർ വ്യവസായ രംഗത്ത് കൂടുതൽ തൊഴിൽ

148 [2769] ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. പി. ജെ. ജോയി:
,, ടി. വി. ചന്ദ്രമോഹൻ:
ശ്രീമതി ശോഭനാ ജോർജ്:
ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമാണ്;

(ബി) ഈ വ്യവസായത്തിന്റെ ആവശ്യത്തിനുള്ള ചകിരി ലഭിക്കുന്നുണ്ടോ;

(സി) അതിനുവേണ്ടി എന്തെല്ലാം നടപടികളെടുത്തു;

(ഡി) കൂടുതൽ തൊഴിലാളികൾക്ക് കയർ വ്യവസായ രംഗത്ത് തൊഴിൽ കൊടുക്കുവാൻ എന്തെല്ലാം നടപടികളെടുത്തു;

(ഇ) ഇതിന്റെ ഫലമായി എത്രപേർക്ക് കൂടുതലായി തൊഴിൽ കിട്ടി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കയർ വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി ചകിരിയുടെ ദൗർലഭ്യവും സാങ്കേതിക വിദ്യയുടേയും ഗവേഷണത്തിന്റേയും അഭാവവുമാണ്.

(ബി) ഇല്ല.

(സി) ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ നടപ്പാക്കിവരുന്നു:

1. കർണ്ണാടകത്തിൽ നിന്നും ലക്ഷദ്വീപിൽ നിന്നും യഥാക്രമം കയർഫെഡ്, കേരള കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വഴി ചകിരി വാങ്ങി സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട്.

2. ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിനായി കയർ സഹകരണ സംഘങ്ങളുടെ അപ്പക്സ് സംഘമായ കയർഫെഡിന് ഒരു റോ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്നതിനായി 200 ലക്ഷം രൂപയും, 50 ലക്ഷം രൂപ കയർ കോർപ്പറേഷനും അനുവദിക്കുകയുണ്ടായി.

3. ചകിരി നാരിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി യന്ത്രവൽകൃത ചകിരി മില്ലുകൾ സ്ഥാപിക്കുന്ന സ്വകാര്യ സംരംഭകർക്ക് അവരുടെ മൂലധന നിക്ഷേപത്തിന്റെ 50% തുക, പരമാവധി 10 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

4. സംസ്ഥാനത്തിനകത്തുള്ള തൊണ്ടിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി കുടുംബശ്രീ യൂണിറ്റുകൾ വ്യാപകമായി തൊണ്ട് ശേഖരിക്കും. കയർ വികസന വകുപ്പിലെ 10 പ്രോജക്ട് ഓഫീസർമാരുടെ കീഴിൽ കയർ സഹകരണ സംഘം പ്രതിനിധികൾ, കയർബോർഡ് പ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ, കയർ തൊഴിലാളി പ്രതിനിധികൾ, കുടുംബശ്രീ യൂണിറ്റ് പ്രതിനിധികൾ, സ്വയം സഹായ യൂണിറ്റുകൾ, കയർ വെൽഫെയർ ബോർഡ് എന്നിവർ അംഗങ്ങളായി ഉപദേശക സമിതികൾ രൂപീകരിച്ച്, തൊണ്ടു സംഭരണത്തിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കമ്മിറ്റിയിൽ ചർച്ച ചെയ്ത് സർക്കാരിനെ അറിയിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

5. ചകിരി ഇറക്കുമതി ചെയ്യുന്നതിന് ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, ആലപ്പുഴ എന്ന പൊതുമേഖലാ സ്ഥാപനത്തെ അധികാരപ്പെടുത്തിയിട്ടുണ്ട്. ആയതിനുള്ള നടപടികൾ ടി സ്ഥാപനം എടുത്തുവരുന്നു.

(ഡി & ഇ) കൂടുതൽ തൊഴിലാളികൾക്ക് കയർ വ്യവസായ രംഗത്ത് തൊഴിൽ കൊടുക്കുന്നതിനായി ചകിരി കൂടുതൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ¼ എച്ച്. പി. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ കയർ ബോർഡ്, സി-ഡോക്ക്, കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ സ്ഥാപനങ്ങൾ വഴി സ്ത്രീ തൊഴിലാളികൾക്ക് പരിശീലനം നൽകിവരുന്നു. തൻവർഷം കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ 6000 പേർക്ക് പരിശീലനം നൽകുകയും, റാട്ടും, പ്രവർത്തന മൂലധനവും നൽകുന്നതിനുള്ള നടപടിയും എടുത്തുവരുന്നു. ഇതിനകം തന്നെ 4000 പേർക്ക് പരിശീലനം നൽകിക്കഴിഞ്ഞു.

പുനരുദ്ധരിക്കാവുന്ന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സഹായം നൽകിയിട്ടുണ്ട്. ആലപ്പുഴ കയർ ക്ലസ്റ്ററിന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള 56.8 കോടി രൂപയുടെ കേന്ദ്ര സഹായ പദ്ധതി നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികളെടുത്തുവരുന്നു. ഈ പദ്ധതികളെല്ലാം നടപ്പിലാകുമ്പോൾ ഏതാണ്ട് മുപ്പത്തയ്യായിരം പേർക്ക് കൂടുതലായി തൊഴിൽ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

2/676/2012—26.

LIBRARY ARCHIVES Kerala Legislative Assembly